# ഉയിർപ്പുകാലം
## വചന വിചിന്തനം
### ഉയിർപ്പുകാലം : ഏഴാം ഞായർ
### യോഹ 20,1–18

*ഈസ്റ്റർ രാത്രി*
*മെഴുകുതിരികളുമായി ഉത്ഥിതനായ ക്രിസ്തുവിനെയുംകൊണ്ട്*
*ദേവാലയത്തിന് ചുറ്റും പ്രദക്ഷണം വയ്ക്കുമ്പോൾ*
*പ്രകാശം സമ്മാനിക്കുന്ന പ്രത്യാശ സ്വന്തമാക്കാൻ സാധിക്കണം!*
*കാരണം,*
*ഈസ്റ്റർ പ്രത്യാശയുടെ ഉത്സവമാണ്...*

**ഈസ്റ്റർ പ്രതീക്ഷയുടെയും പ്രത്യാശയുടെയും ഉത്സവമാണ്! കാൽവരി കയറുന്നവർക്ക് കമ്പദം കൊണ്ട് തിരികെയിറങ്ങാം എന്നുള്ള ഉറപ്പിന്റെ ഉത്സവം!**

ഈസ്റ്റർ എന്താണെന്ന് ചോദിച്ചാൽ അതിന് ഒറ്റ നിർവചനം മാത്രമെയൊള്ളു; "മരണത്തിനും മരണമുണ്ടെന്ന് ലോകം തിരിച്ചറിഞ്ഞ ദിനമാണ് ഈസ്റ്റർ!" ഇത് എത്രയോ സത്യമാണ്. യഹൂദൻമാരുടെയും റോമക്കാരുടെയും പീഢനങ്ങൾക്കും ദണ്ഡനങ്ങൾക്കും വിധേയനാക്കി ക്രിസ്തുവിനെ മരണത്തിന് വിട്ടുകൊടുത്തപ്പോൾ യഹൂദനേതൃത്വം മനസ്സിൽ മനക്കോട്ട കെട്ടിയത് അവന്റെ ശല്ല്യം ഇന്നത്തോടെ തീർന്നു എന്നതാണ്. പക്ഷെ, മരണത്തിനും മരണമുണ്ടെന്ന് ലോകത്തെ പഠിപ്പിച്ചുകൊണ്ട് ക്രിസ്തു മൂന്നാം ദിവസം ഉയർത്തെഴുന്നേറ്റു. അവൻ മരിച്ചവരിൽ നിന്ന് അരുൾ ചെയ്തത്പ്പോലെ മൂന്നാം ദിവസം ഉയർത്തെഴുന്നേറ്റത് പ്രത്യാശയുടെ പാഠങ്ങൾ ലോകത്തെ പഠിപ്പിക്കുന്നതിന് വേണ്ടിയാണ്. എങ്കിൽ, ഈസ്റ്റർ പ്രത്യാശയുടെ ഉത്സവമാണ്. ജീവിതത്തിൽ ദുഃഖവെള്ളിയിലൂടെ കടന്നുപോകുന്നവർ പ്രത്യാശയെ മുറുകെ പിടിക്കുന്നുണ്ടെങ്കിൽ ഈസ്റ്ററിന്റെ സമാധാനം നെഞ്ചിലേറ്റാമെന്ന പ്രത്യാശ!

കണ്ണുനീർ പുഞ്ചിരിക്കു വഴിമാറിയ ദിനമാണ് ഈസ്റ്ററെങ്കിൽ തിന്മയുടെ അന്ധകാരം ദൈവപ്രകാശത്താൽ അടർന്നുവീഴുമെന്നുള്ള ഓർമ്മപ്പെടുത്തൽ കൂടിയാണ് ഈസ്റ്റർ. ശിഷ്യൻമാർ ക്രിസ്തുവിന്റെ ഉത്ഥാനത്തിൽ അമ്പരന്നു നിൽക്കവേ രണ്ടുപേർ തിളങ്ങുന്ന വസ്ത്രങ്ങൾ ധരിച്ച് അവർക്കു പ്രത്യക്ഷപ്പെട്ടു. ഇതു കാണുന്ന ശിഷ്യൻമാർ ഭയപ്പെട്ടു മുഖം കുനിച്ചു. അപ്പോൾ തിളങ്ങുന്ന വസ്ത്രങ്ങൾ ധരിച്ച രണ്ടുപേർ അവരോടു പറഞ്ഞു:

"ജീവിച്ചിരിക്കുന്നവനെ നിങ്ങൾ മരിച്ചവരുടെയിടയിൽ അന്വേഷിക്കുന്നത് എന്തിന്? അവൻ ഇവിടെയില്ല, ഉയിർപ്പിക്കപ്പെട്ടു" (ലൂക്കാ 24,4–5).

ജീവിച്ചിരിക്കുന്നവനെ മരിച്ചവരുടെ ഇടയിൽ അന്വേഷിക്കുന്നത് മഠയത്തരമാണ്. മരണത്തിന്റെ കരാളഹസ്തങ്ങളെ തകർത്ത ക്രിസ്തു മരിച്ചവരുടെ ഇടയിൽ നിന്ന് ഉയർപ്പിക്കപ്പെട്ടു എന്നതിന് തെളിവുകൾ മൂന്നാണ്.

1. ക്രിസ്തുവിനെ അടക്കിയിരുന്ന ശ്യൂന്യമായ കല്ലറ. ക്രിസ്തു മരിച്ചവരിൽ നിന്ന് ഉയർപ്പിക്കപ്പെട്ടു എന്നതിനുള്ള ശക്തമായ തെളിവ് അവന്റെ ശ്യൂന്യമായ കല്ലറതന്നെയാണ്. വി.ലൂക്കാസുവിശേഷകൻ ക്രിസ്തുവിന്റെ

ഉയർപ്പിനെ കുറിച്ച് രേഖപ്പെടുത്തുന്നത് ഇപ്രകാരമാണ്;

"അവർ (ശിഷ്യൻമാർ), തയ്യാറാക്കിവച്ചിരുന്ന സുഗന്ധദ്രവ്യങ്ങളുമായി, ആഴ്ചയുടെ ആദ്യദിവസം അതിരാവിലെ കല്ലറയുടെ അടുത്തേക്കു പോയി. കല്ലറയിൽ നിന്നുകല്ല് ഉരുട്ടി മാറ്റിയിരിക്കുന്നതായി അവർ കണ്ടു. അവർ അകത്തുകടന്നു നോക്കിയപ്പോൾ കർത്താവായ യേശുവിൻെറ ശരീരം കണ്ടില്ല" (ലൂക്കാ 24,1-3).

വി.മർക്കോസ് സുവിശേഷകൻ ക്രിസ്തുവിന്റെ ഉത്ഥാനത്തെ രേഖപ്പെടുത്തുന്നത് ഇപ്രകാരമാണ്;

"സാബത്ത് കഴിഞ്ഞപ്പോൾ മഗ്ദലേന മറിയവും യാക്കോബിൻെറ അമ്മയായ മറിയവും സലോമിയും അവനെ അഭിഷേകം ചെയ്യുന്നതിനു വേണ്ടി സുഗന്ധദ്രവ്യങ്ങൾ വാങ്ങി ആഴ്ചയുടെ ആദ്യദിവസം അതിരാവിലെ, സൂര്യനുദിച്ചപ്പോൾത്തന്നെ, അവർ ശവകുടീരത്തിങ്കലേക്കു പോയി. അവർ ശവകുടീരത്തിനുള്ളിൽ പ്രവേശിച്ചപ്പോൾ വെള്ള വസ്ത്രം ധരിച്ച ഒരു യുവാവ് വലത്തുഭാഗത്തിരിക്കുന്നതുകണ്ടു. അവർ വിസ്മയിച്ചുപോയി. അവൻ അവരോടു പറഞ്ഞു: നിങ്ങൾ അദ്ഭുതപ്പെടേണ്ടാ. കുരിശിൽ തറയ്ക്കപ്പെട്ട നസറായനായ യേശുവിനെ നിങ്ങൾ അന്വേഷിക്കുന്നു. അവൻ ഉയിർപ്പിക്കപ്പെട്ടിരിക്കുന്നു. അവൻ ഇവിടെയില്ല. നോക്കൂ, അവർ അവനെ സംസ്കരിച്ച സ്ഥലം" (മർക്കോ 16,1-6).

**ലോകചരിത്രം പഠിപ്പിക്കുന്നത് ജീവനെ മരണം തോൽപ്പിക്കും എന്നതാണ്. എന്നാൽ, ക്രിസ്തുവിന്റെ ഉത്ഥാനം കാണിച്ച് തരുന്നത് മരണത്തെ ജീവൻ തോൽപ്പിക്കുന്നതാണ്!**

സുവിശേഷകൻമാർ ക്രിസ്തുവിന്റെ ഉത്ഥാനത്തെക്കുറിച്ച് ഇപ്രകാരം രേഖപ്പെടുത്തുന്നുവെങ്കിൽ അവൻ മരിച്ചവരിൽനിന്ന് ഉയർപ്പിക്കപ്പെട്ടു എന്നതിനുള്ള ഏറ്റവും ശക്തമായ തെളിവ് അവന്റെ അടക്കം ചെയ്ത ശ്യൂന്യമായ കല്ലറതന്നെയാണ്. ഒപ്പം, ദൈവദൂതൻമാരുടെ സാക്ഷ്യവും!

<u>2. ഉത്ഥിതനെ കണ്ട വ്യക്തികളുടെ സാക്ഷ്യം.</u> യഹൂദൻമാരുടെയും യൂദൻമാരുടെയും പീഢനങ്ങൾക്ക് വിധേയനായി മരണപ്പെടുകയും, മരിച്ചവരുടെ ഇടയിൽ അടക്കപ്പെടുകയും ചെയ്ത ക്രിസ്തു മൂന്നാം ദിവസം ഉയർത്തെഴുന്നേൽക്കുകയും താൻ ഏറ്റവും അധികം സ്നേഹിച്ചിരുന്നവർക്ക് ദർശനസൗഭാഗ്യം സമ്മാനിക്കുകയും ചെയ്തു. വി.യോഹന്നാന്റെ സുവിശേഷത്തിൽ മറിയത്തിന് ലഭിക്കുന്ന വലിയ അനുഗ്രഹങ്ങളിലൊന്ന് ഇത് തന്നെയാണ്. "മറിയം പുറകോട്ടു തിരിഞ്ഞപ്പോൾ യേശു നിൽക്കുന്നത് അവൾ കണ്ടു. എന്നാൽ, അത് യേശുവാണെന്ന് അവൾക്കു മനസ്സിലായില്ല. യേശു അവളെ വിളിച്ചു: മറിയം! അവൾ തിരിഞ്ഞ് റബ്ബോനി എന്ന് ഹെബ്രായ ഭാഷയിൽ വിളിച്ചു ഗുരു എന്നർഥം. മഗ്ദലേനമറിയം ചെന്ന് ഞാൻ കർത്താവിനെ കണ്ടു എന്നും അവൻ ഇക്കാര്യങ്ങൾ തന്നോടു പറഞ്ഞു എന്നും ശിഷ്യൻമാരെ അറിയിച്ചു" (യോഹ 20,11-18).

വി.മർക്കോസിന്റെ സുവിശേഷത്തിൽ ശിഷ്യൻമാർ പതിനൊന്നുപ്പേർ ഭക്ഷണത്തിനിരിക്കുമ്പോൾ ക്രിസ്തു അവർക്കു പ്രത്യക്ഷപ്പെടുന്ന രംഗം രചനയ്ക്ക് വിഷയമായിട്ടുണ്ട്. "പതിനൊന്നുപേർ ഭക്ഷണത്തിനിരിക്കുമ്പോൾ, ക്രിസ്തു അവർക്കു പ്രത്യക്ഷപ്പെട്ടു. ഉയിർപ്പിക്കപ്പെട്ട തിനുശേഷം തന്നെ കണ്ടവരെ വിശ്വസിക്കാത്തതു നിമിത്തം അവരുടെ വിശ്വാസരാഹിത്യത്തെയും ഹൃദയകാഠിന്യത്തെയും അവൻ കുറ്റപ്പെടുത്തി" (മർക്കോ 16,14). വി.ലൂക്കായുടെ സുവിശേഷത്തിൽ ക്രിസ്തു തന്റെ ശിഷ്യഗണത്തിനു പ്രത്യക്ഷനാകുന്നുണ്ട്. ഇതു കാണുന്ന അവർ ഭയന്നു വിറച്ചു. ക്രിസ്തു അവരോടു ചോദിച്ചു: നിങ്ങൾ അസ്വസ്ഥരാകുന്നതെന്തിന്?

തുടർന്ന് ക്രിസ്തു പഴയനിയമങ്ങളെ വ്യാഖ്യാനിച്ച് തന്റെ പീഢാനുഭവത്തെയും മരണത്തെയും അവസാനം മൂന്നാം ദിവസം മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേൽക്കുകയും ചെയ്യേണ്ടതിന്റെയും ആവശ്യകത വ്യക്തമാക്കുന്നു (ലൂക്കാ 24,36).

3. ക്രിസ്തുവിനെ കണ്ട് ജീവിതനവീകരണം സംഭവിച്ച വ്യക്തികളുടെ സാക്ഷ്യങ്ങൾ. ഉത്ഥിതനായ ക്രിസ്തുവിനെ കണ്ട് അനുഭവിച്ചറിഞ്ഞ് ജീവിതനവീകരണം സാധ്യമാക്കിയ വ്യക്തികളാണ് ക്രിസ്തു മരിച്ചവരിൽ നിന്ന് ഉയർപ്പിക്കപ്പെട്ടു എന്നതിനുള്ള മൂന്നാമത്തെ വലിയ തെളിവ്. ഇതിനുള്ള ഏറ്റവും നല്ല ഉദാഹരണം ക്രിസ്തു ശിഷ്യർ തന്നെയാണ്. ക്രിസ്തുവിന്റെ ഉത്ഥാനം വലിയ പരിവർത്തനങ്ങളാണ് ക്രിസ്തുശിഷ്യരിൽ വരുത്തുന്നത്. വലിയവനും ഒന്നാമത്തവനുമാകാൻ വഴക്കടിച്ചിരുന്ന ശിഷ്യർ, ക്രിസ്തുവിന്റെ സഹനത്തിൽ ഗത്സമനിയിൽ ഒരു മണക്കൂർപ്പോലും ഉണർന്നിരിക്കാൻ സാധിക്കാത്ത ശിഷ്യർ, ഗുരുവിന്റെ പീഢാസഹനത്തിൽ അവനോടൊപ്പം നിൽക്കാൻ സാധിക്കാത്ത ശിഷ്യർ, ഒരു പീറപ്പെണ്ണിന്റെ മുമ്പിൽ ഭീരുവായി മൂന്ന് പ്രാവിശ്യം ക്രിസ്തുവിനെ തള്ളിപ്പറയുന്ന ശിഷ്യർ ക്രിസ്തുവിന്റെ ഉത്ഥാനത്തിൽ ധൈര്യശാലികളാകുന്നു. ഇത്രയുംനാൾ തള്ളിപറഞ്ഞവന് വേണ്ടി മരിക്കാൻ തയ്യാറാകുന്നു. ഒരുമണിക്കാർപ്പോലും അവനുവേണ്ടി ഉറക്കമൊളിക്കാൻ സാധിക്കാതിരുന്നവർ അവന് വേണ്ടി ഒരിക്കലും ഉറങ്ങാൻപ്പോലും തയ്യാറാകാതെ അവന്റെ സ്തുതിഗീതങ്ങൾ മീട്ടുന്നു. ക്രിസ്തു മരിച്ചവരിൽ നിന്ന് ഉയർപ്പിക്കപ്പെട്ടു എന്നതിന് ഇതിൽപ്പരം എന്ത് തെളിവുകളാണ് വേണ്ടത്!

കാഴ്ച്ചപാടുകൾ മാറേണ്ടിയിരിക്കുന്നു; ക്രിസ്തുവിന്റെ ഉത്ഥാനം പഠിപ്പിക്കുന്ന വലിയ പാഠം, മരണം അവസാനമല്ല. മറിച്ച്, നിത്യതയിലേയ്ക്കുളള ആരംഭം മാത്രമാണ്!

ക്രിസ്തു മരിച്ചവരിൽ നിന്ന് ഉയർപ്പിക്കപ്പെട്ടു എന്നതിനുള്ള എന്നും ജീവിക്കുന്ന തെളിവാണ് സാവൂളിൽ നിന്ന് പൗലോസിലേയ്ക്കുള്ള മാനസാന്തരം. ക്രിസ്തുവിനെയും ക്രിസ്ത്യാനികളെയും ഓടിച്ചിട്ട് കൊല്ലാനും ഇല്ലാതാക്കാനും നടന്നവൻ ഉത്ഥിതനായ ക്രിസ്തുവിനെ അനുഭവിക്കുമ്പോൾ അവനുവേണ്ടി സ്വയം ഇല്ലാതാകാൻ ലോകം മുഴുവൻ യാത്ര ചെയ്യുന്നു. ഇത് തന്നെയാണ് ക്രിസ്തു മരിച്ചവരിൽനിന്ന് ഉയർപ്പിക്കപ്പെട്ടു എന്നതിനുള്ള ജീവിക്കുന്ന സാക്ഷ്യം!

ഈസ്റ്റർ ക്രിസ്തീയ വിശ്വാസത്തിന്റെ ആണിക്കല്ലാണ്. ഒപ്പം, ദുഃഖവെള്ളിയിലൂടെ പീഢാനുഭവത്തിന്റെ കാൽവരിമല കയറി തളർന്നുവരുന്ന എല്ലാവർക്കും വലിയ ആശ്വാസം കൂടിയാണ് ഈസ്റ്റർ. അങ്ങനെയെങ്കിൽ, ഈസ്റ്റർ നമ്മുക്ക് നൽകുന്ന വലിയ സമ്മാനം, "ഉത്ഥിതന്റെ സമാധാനം" തന്നെയാണ്. "ആഴ്ചയുടെ ആദ്യദിവസം ശിഷ്യൻമാർ യഹൂദരെ ഭയന്ന് കതകടച്ചിരിക്കെ, യേശു വന്ന് അവരുടെ മധ്യേ നിന്ന് അവരോടു പറഞ്ഞു: നിങ്ങൾക്കു സമാധാനം! ഇപ്രകാരം പറഞ്ഞുകൊണ്ട് അവൻ തൻെറ കൈകളും പാർശ്വവും അവരെ കാണിച്ചു. കർത്താവിനെ കണ്ട് ശിഷ്യൻമാർ സന്തോഷിച്ചു. യേശു വീണ്ടും അവരോടു പറഞ്ഞു: നിങ്ങൾക്കു സമാധാനം!" (യോഹ 20,19-20).

പീഢാനുഭവത്തിന്റെ കാൽവരിമല കയറിയിറങ്ങിയ ഉത്ഥിതനായ ക്രിസ്തുവിന് അന്നും ഇന്നും എന്നും നമ്മുക്ക് സമ്മാനിക്കാനുള്ളത് സമാധാനം മാത്രമാണ്.

"ഈസ്റ്റർ നൽകുന്ന വലിയ പാഠം, ജീവിതം കല്ലറയ്
കാൽവരിയിലോ അവസാനിക്കുന്ന ഒന്നല്ല എന്നതുമാത്രമാണ്"

ഫാ. ജോബി മേനോത്ത്
+91 944 7777 931